കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

സർക്കാരിന് കോടികളുടെ നഷ്ടം

പ്രവാസിയിൽ നിന്ന് ഭൂമി വാങ്ങുമ്പോൾ ടി.ഡി.എസ് ഈടാക്കുന്നില്ല

കെ.പി.കൈലാസ്നാഥ്

തിരുവനന്തപുരം: പ്രവാസി ഇന്ത്യക്കാരിൽ നിന്ന് ഇവിടെയുള്ളവർ ഭൂമി വാങ്ങുമ്പോൾ നിയമ പ്രകാരം നൽകേണ്ട തുക ആദായ നികുതി വകുപ്പിൽ അടയ്ക്കാത്തതുമൂലം കേന്ദ്ര സർക്കാരിന് കോടികളുടെ നഷ്ടം. 2013 ഏപ്രിൽ മുതലാണ് പ്രവാസി ഇന്ത്യക്കാരിൽ നിന്ന് ഭൂമി വാങ്ങുമ്പോൾ കാപിറ്റൽ ഗെയിനിന്റെ 20.6 ശതമാനം ടി.ഡി.എസ് ആയി (സ്രോതസിൽ നിന്ന് നികുതി ഈടാക്കൽ) അടയ്ക്കണമെന്ന് തീരുമാനിച്ചത്.

കേരളത്തിൽ മാത്രം 75,000 കോടി രൂപയുടെയെങ്കിലും ഭൂമി ഇടപാടുകൾ പ്രവാസികളിൽ നിന്നായി നാലുവർഷത്തിനുള്ളിൽ നടത്തിയിട്ടുണ്ടെന്നാണ് അനൗദ്യോഗിക അനുമാനം. സർക്കാരിന് നഷ്ടപ്പെട്ട നികുതി കോടികൾ വരുമെന്ന് വ്യക്തം.

പ്രവാസികളിൽ നിന്ന് ഭൂമി വാങ്ങുമ്പോൾ ടി.ഡി.എസ് അടച്ച വിവരങ്ങൾ ആധാരത്തിൽ എഴുതണമെന്നാണ് നിർദ്ദേശം. എന്നാൽ പല സബ് രജിസ്ട്രാർ ഓഫീസർമാർക്കും ഇങ്ങനെയൊരു കാര്യത്തെക്കുറിച്ച് ധാരണയില്ല.

അതേസമയം ഇന്ത്യൻ പൗരന് 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഭൂമിയിടപാടുകളിൽ ഒരു ശതമാനം ടി.ഡി.എസ് നൽകിയതിന് ശേഷം മാത്രമേ പലയിടത്തും മുദ്രപത്രം പോലും നൽകുന്നുള്ളൂ.

പ്രവാസിയുടെ ഭൂമി വാങ്ങുമ്പോൾ കാപിറ്റൽ ഗെയിനിന്റെ 20.6 ശതമാനം ടി.ഡി.എസ് ആയി അടച്ചശേഷം പ്രവാസിക്ക് ആ തുക കുറച്ചുള്ള വിലനൽകിയാൽ മതി.

പ്രവാസിക്ക് കൈവശമുള്ള വസ്തുവിന്റെ ഉടമസ്ഥാവകാശം കൈവന്നത് 3 വർഷ കാലയളവിനുള്ളിലാണെങ്കിൽ കാപിറ്റൽ ഗെയിനിന്റെ 30 ശതമാനം അടയ്ക്കണം. ഇത് 3 വർഷത്തിന് മുമ്പാണെങ്കിൽ 20.6 ശതമാനം മതി.

KAUMUDI SPECIAL

വാങ്ങുന്നയാൾ ടാൻ എടുക്കണം

പ്രവാസിയിൽ നിന്ന് ഭൂമി വാങ്ങുമ്പോൾ ടാൻ (ടാക്സ് ഡിഡക്ഷൻ ആൻഡ് കളക്ഷൻ അക്കൗണ്ട്) വാങ്ങുന്നയാൾ എടുക്കണമെന്നാണ് ചട്ടം.

ആരാണ് പ്രവാസി

ആദായ നികുതി വകുപ്പ് സെക്ഷൻ 6 പ്രകാരം തൊട്ടുമുൻ സാമ്പത്തിക വർഷം 182 ദിവസമെങ്കിലുമോ നാലുവർഷത്തിനുള്ളിൽ 365 ദിവസമോ ഇന്ത്യയിൽ കഴിയാത്തയാൾ പ്രവാസിയാകും.

കാപിറ്റൽ ഗെയിൻ

ഒരാൾക്ക് ഭൂമി കൈവശം വന്ന സമയത്തെ വിലയും വിറ്റ വിലയും തമ്മിലുള്ള വ്യത്യാസമാണ് കാപിറ്റൽ ഗെയിൻ. എന്നാൽ ഇത് ഇരുപതാണെന്ന് ഒരു ആദായ നികുതി ഓഫീസറാണ് നിശ്ചയിക്കേണ്ടത്. ആദായ നികുതി ഓഫീസറിൽ നിന്ന് കിട്ടിയ കാപിറ്റൽ ഗെയിൻ സർട്ടിഫിക്കറ്റ് പ്രവാസി വാങ്ങുന്നയാൾക്ക് നൽകണം. കാപിറ്റൽ ഗെയിൻ സർട്ടിഫിക്കറ്റ് ഹാജരാക്കി വാങ്ങുന്നയാൾ ആദായനികുതി വകുപ്പിൽ പണമടയ്ക്കണം.

അങ്ങനെ സർട്ടിഫിക്കറ്റ് ഹാജരാക്കി പണം നൽകിയില്ലെങ്കിൽ കാപിറ്റൽ ഗെയിനിന് പകരം ഭൂമിവിലയുടെ 20.6 ശതമാനം വാങ്ങുന്നയാൾ അടയ്ക്കേണ്ടി വരും. രജിസ്ട്രേഷൻ സമയത്ത് പണമടച്ചാൽ പോരാ. അഡ്വാൻസ് തുക എപ്പോഴൊക്കെ വാങ്ങുന്നുണ്ടോ അപ്പോഴൊക്കെ ടി.ഡി.എസ് അടയ്ക്കണം.

എന്തെങ്കിലും കാരണവശാൽ ടി.ഡി.എസ് നൽകാതെയാണ് ഇടപാട് നടന്നതെന്ന് തെളിഞ്ഞാൽ ഭൂമി വാങ്ങിയ ആളാണ് പിന്നീടത് നൽകേണ്ടിവരിക.

ഷൂട്ട് @ സൈറ്റ്

പി.എസ്. മനോജ്

അപകട സെൽഫി... *പാലക്കാട് കോട്ടപ്പുറത്തുള്ള മുകളിൽ നിന്ന് അപകടകരമാം വിധം സെൽഫി എടുക്കുന്ന യുവാക്കൾ. ഇത്തരം ഭ്രാന്തമായ സെൽഫി പിടിത്തമാണ് ദുരന്തങ്ങളിലേക്ക് നയിക്കുന്നത്*

ശബരിമലയിലെ സ്ത്രീ പ്രവേശനം: ഇന്ന് ഭരണഘടനാ ബെഞ്ചിന് വിട്ടേക്കും

ന്യൂഡൽഹി: ശബരിമലയിൽ സ്ത്രീകളെപ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ടകേസ് അഞ്ചംഗഭരണഘടനാ ബെഞ്ചിന് വിടാനുള്ള തീരുമാനം ഇന്ന് പ്രഖ്യാപിച്ചേക്കും. ഭരണഘടനാബെഞ്ചിൽവരേണ്ട വിഷയങ്ങൾ സമർപ്പിക്കാൻ ജസ്റ്റിസുമാരായ ദീപക്മിശ്ര, ആർ.ഭാനുമതി, അശോക്ഭൂഷൺ എന്നിവരടങ്ങടിയബെഞ്ച് ഫെബ്രുവരിയിൽ ആവശ്യപ്പെട്ടിരുന്നു. കേസിൽ വാദം പൂർത്തിയായിരുന്നില്ല.

ശബരിമലയിലെ സ്ത്രീപ്രവേശനത്തിന് അനുകൂലമായി 2007ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ, നിലവിലെ ആചാരങ്ങളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന നിലപാടാണ് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ സ്വീകരിച്ചത്. ഇപ്പോഴത്തെ എൽ.ഡി.എഫ് സർക്കാർ ആദ്യം യു.ഡി.എഫ് സർക്കാരിന്റെ നിലപാട് തുടരുകയും പിന്നീട് അതു പിൻവലിച്ച് പഴയതിലേക്ക് മാറുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ നടപടിനിയമപരമായിനിലനിൽക്കുമോയെന്നതും ഭരണഘടനാ ബെഞ്ച് പരിശോധിക്കും.

ശബരിമലയിൽ പ്രായഭേദമന്യേസ്ത്രീപ്രവേശനം ആവശ്യപ്പെട്ട് ഇന്ത്യൻ യംഗ്ലായേഴ്സ് അസോസിയേഷൻ 2006ലാണ് കോടതിയെസമീപിച്ചത്. ഹർജിയിൽനോട്ടീസ് അയച്ച് വർഷങ്ങൾക്ക് ശേഷമാണ് കഴിഞ്ഞവർഷം കേസ് പരിഗണനയ്ക്ക് എടുത്തത്. തുടർന്ന് പല ഘട്ടങ്ങളിലായി വിശദമായി വാദം കേട്ട. ഭരണഘടനാ ബെഞ്ചിന് വിട്ടുന്നതിലൂടെ കേസിലെതീർപ്പ് വീണ്ടും നീളാനിടയുണ്ട്.

വക്കം ഷബീർ വധം: 4 പ്രതികൾക്ക് 8 വർഷം കഠിന തടവ്

തിരുവനന്തപുരം: ഏറെകോളിളക്കം സൃഷ്ടിച്ച വക്കം ഷബീർ കൊലക്കേസിലെ 4 പ്രതികൾക്ക് 8 വർഷം കഠിന തടവും 21000 രൂപവീതം പിഴയും കോടതി ശിക്ഷ വിധിച്ചു. കേസിലെ ഒന്നുമുതൽ നാലുവരെ പ്രതികളായ വക്കം മുന്നാലും മൂട് സ്വദേശികളായ സതീഷ്, സന്തോഷ്, കണ്ണൻ വിളാകം സ്വദേശി വിനായക് എന്നഉണ്ണിക്കുട്ടൻ, ഇൗച്ചവിളാകം ക്ഷേത്രത്തിന് സമീപം താമസിക്കുന്ന കിരൺ ബാബു എന്ന വാവ എന്നിവരെയാണ് ശിക്ഷിച്ചത്. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. ആറാം പ്രതി ഉണ്ടത്തിൽ വീട്ടിൽ നിതിൻ എന്ന മോൻകുട്ടനെ വെറുതേ വിട്ടു.

പിഴത്തുകയിൽ 84,000 രൂപ ഷബീറിന്റെ ഉമ്മ നസീമയ്ക്ക് നൽകാനും കോടതി നിർദ്ദേശിച്ചു. പ്രതികൾ കൃത്യത്തിന് ഉപയോഗിച്ചബൈക്ക് ലേലംചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടാനും ഉത്തരവിട്ടു. കേസിലെ അഞ്ചാംപ്രതി രാജു എന്ന അഷിജാമ്യത്തിൽ ഇറങ്ങി ആത്മഹത്യചെയ്തിരുന്നു. ഏഴാം പ്രതി വിഷ്ണു ഒളിവിലാണ്. പ്രതികൾ ഷബീറിനെ പട്ടിക കഷണങ്ങൾ കൊണ്ടും ഇടിക്കട്ട കൊണ്ടും മർദ്ദിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്.

പ്രതികളായ സന്തോഷ്, സതീഷ്, കിരൺ, വിനായക് എന്നിവർ

2015 ലെ വക്കം പുത്തൻ നടക്ഷേത്ര ഉത്സവത്തോട് അനുബന്ധിച്ചുണ്ടായ സംഭവങ്ങളാണ് ഷബീറിന്റെ കൊലപാതകത്തിൽ കലാശിച്ചത്. ക്ഷേത്രത്തിലെ ആനപ്പുറത്ത് എഴുന്നള്ളിപ്പ് ദൈവപ്പുര ജംഗ്ഷനിൽ എത്തിയപ്പോൾ രണ്ടാം പ്രതി സന്തോഷ് ആനയുടെ വാൽ പിടിച്ച് വലിച്ചു. ആന വിരണ്ട് ഉത്സവം അലങ്കോലമായതിനെ തുടർന്ന് ക്ഷേത്രകമ്മറ്റി അംഗങ്ങൾ ആയിരുന്ന ഷബീറും ഉണ്ണിക്കുഷ്ണനും പ്രതികളുമായി വാക്കേറ്റവും അടിയും ഉണ്ടായി. ഈ വിരോധത്തിൽ പ്രതികൾ ഉണ്ണിക്കുഷ്ണനെ ആക്രമിക്കുകയും അയാളുടെബൈക്ക് നശിപ്പിക്കുകയും ചെയ്തു.

ഷബീറിനെ നടുറോഡിൽ അടിച്ചുകൊല്ലുന്നതിന്റെ സി.സി ടിവി ദൃശ്യം

ഇതിനിടെ പ്രതികളായ സന്തോഷിന്റെയും സതീഷിന്റെയും വീട് ആരോ ആക്രമിച്ചിരുന്നു.

ഷബീറും കൂട്ടാളികളുമാണ് ഇത് ചെയ്തത് എന്ന ധാരണയിൽ 2016 ജനുവരി 31 ന് വക്കം തൊഷിക്ക വിളാകം റെയിൽവേ ഗേറ്റിന് സമീപമുള്ള ഇട റോഡിൽ വച്ച് ഷബീറും സുഹൃത്ത് ഉണ്ണിക്കുഷ്ണനും സഞ്ചരിച്ചിരുന്ന ബൈക്ക് തടഞ്ഞുനിറുത്തി പ്രതികൾ ആക്രമിക്കുകയായിരുന്നു. ഗുരുതരമായി മർദ്ദനമേറ്റ ഷബീർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ മരിച്ചു.

കടയ്ക്കാവൂർ സി.ഐ ജി.ബി. മുകേഷാണ് കേസ് അന്വേഷിച്ചത്.

അതേസമയം വിധിയിൽ തൃപ്തിയില്ലെന്ന് ഷബീറിന്റെ ഉമ്മ നസീമ പറഞ്ഞു. വിധിക്കെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്നും അവർ വ്യക്തമാക്കി. രാവിലെ എത്തിയ നസീമ ഉച്ചഭക്ഷണം ഉപേക്ഷിച്ച് പ്രാർത്ഥനയോടെ വിധി കേൾക്കാൻ വൈകിട്ടുവരെ കോടതി ഹാളിൽ ഉണ്ടായിരുന്നു. വിധി കേട്ട ശേഷം കണ്ണീരോടെയാണ് അവർ മടങ്ങിയത്.

ടൂ സ്റ്റാർ ഹോട്ടലുകൾക്ക് ബാറില്ല: സർക്കാർ

■ നയ തീരുമാനമെന്ന് കോടതിയിൽ

കൊച്ചി : ത്രീ സ്റ്റാർ മുതൽ മുകളിലേക്കുള്ള ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് എന്നത് സർക്കാരിന്റെ നയ തീരുമാനമാണെന്നും ടൂ സ്റ്റാറിന് ബാർ അനുവദിക്കാനാവില്ലെന്നും സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കി. പുതിയ മദ്യനയത്തിലെ വിവേചനം ചോദ്യം ചെയ്ത് കേരള ബാർ ഹോട്ടൽസ് അസോസിയേഷൻ നൽകിയ ഹർജിയിൽ നികുതി വകുപ്പ് അണ്ടർ സെക്രട്ടറി എസ്. മുരളി നൽകിയ സത്യവാങ്മൂലത്തിലാണ് ഇക്കാര്യം പറയുന്നത്.

സർക്കാർ വിശദീകരണം

■ 2002ൽ ബാർലൈസൻസ് ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയപ്പോഴും 2014ൽ ഇത് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമാക്കിയപ്പോഴും സുപ്രീംകോടതി ശരിവച്ചു. സർക്കാർ നിയോഗിച്ച ഏകാംഗ കമ്മിഷനും ത്രീ സ്റ്റാർ മുതൽ ബാർ ലൈസൻസ് മതിയെന്ന് നിർദ്ദേശിച്ചിരുന്നു. ഈറിപ്പോർട്ടും മേഖലയിലെ മറ്റ് വിഷയങ്ങളും പരിഗണിച്ചാണ് 2017 ജൂൺ 23ന് ഭേദഗതികൊണ്ടുവന്നത്.

■ 2014 മാർച്ച് 31 ന് ബാർ ലൈസൻസ് ഉണ്ടായിരുന്ന ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്ക് മാത്രം ലൈസൻസ് പുതുക്കിയാൽ മതിയെന്നാണ് തീരുമാനിച്ചത്. ഹർജിക്കാർ ഈ കാറ്റഗറിയിൽ വരുന്നില്ല.

■ ടൂ സ്റ്റാറിന് താഴേക്കുള്ള ഹോട്ടലുകൾക്ക് 2002ൽ തന്നെ ലൈസൻസ് നൽകേണ്ടെന്ന് നിശ്ചയിച്ചെങ്കിലും പദവി ഉയർത്താൻ സമയം നൽകി 2010 വരെ ലൈസൻസ് അനുവദിച്ചു. ഇത്തരം ലൈസൻസ് നിലനിൽക്കില്ലെന്ന് 2010ലെ സി.എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

■ സർക്കാരിന്റെ നയതീരുമാനങ്ങളിൽ കോടതിയുടെ ഇടപെടലിന് പരിമിതികളുണ്ട്. ത്രീ സ്റ്റാറിനു താഴെ ആർക്കും ബാർ ലൈസൻസ് അനുവദിച്ചിട്ടില്ലെന്നതിനാൽ ഇതിൽ വിവേചനമുണ്ടെന്ന ആരോപണം ശരിയല്ല.

തിങ്കളാഴ്ച വരെ മഴയ്ക്ക് സാദ്ധ്യത

തിരുവനന്തപുരം: ഒറ്റപ്പെട്ട മഴയും ഇടിമിന്നലും തിങ്കളാഴ്ചവരെ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

ലക്ഷദ്വീപിനു പടിഞ്ഞാറും ആൻഡമാൻ തീരത്തുമുണ്ടായ അന്തരീക്ഷ ചുഴികളാണ് മഴയ്ക്ക് കാരണം. 15ന് ശേഷമേ തുലാവർഷം എത്തൂ.

കേരള സർവകലാശാലയിൽ നിന്ന് മെക്കാനിക്കൽ എൻജിനിയറിംഗിൽ ഡോക്ടറേറ്റ് നേടിയ ജി. അയ്യപ്പൻ. വി. എസ്. എസ്. സിയിൽ സ്പെയ്സ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റത്തിന്റെ പ്രോഗ്രാം ഡയറക്ടറാണ്. കഴിഞ്ഞ ജൂണിൽ വിജയകരമായി ആദ്യ വിക്ഷേപണം നടത്തിയ ജി. എസ്. എൽ. വി മാർക്ക്-3 റോക്കറ്റിന്റെ പ്രോജക്ട് ഡയറക്ടറും മിഷൻ ഡയറക്ടറും ആയിരുന്നു. തിരുവനന്തപുരം തൈക്കാട് ഇലങ്കംനഗർ സ്വദേശിയാണ്

നിര്യാതയായി

കൊച്ചി: ദ ഹിന്ദു ദിനപത്രത്തിന്റെ മുൻകേരള ചീഫ് പരേതനായ കെ. പി. നായരുടെ ഭാര്യ ലതി പി. നായർ(80) മുംബയിൽ നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: പ്രവീൺ ചന്ദ്രൻ നായർ (റസിഡന്റ് എഡിറ്റർ, ഹിന്ദുസ്ഥാൻ ടൈംസ്, മുംബയ്), ഡോ. ലേഖ നായർ (ഫിസിക്സ് ഡിപ്പാർട്ട്മെന്റ് മേധാവി, ജാമിയാ മിലിയാ ഇസ്ലാമിയ യൂണിവേഴ്സിറ്റി, ഡൽഹി), ഡോ. ബിന്ദു നായർ (ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് എസ്.ഡി കോളേജ്, ആലപ്പുഴ). മരുമക്കൾ: മിനി (ഹെൻകൽ ഇന്ത്യ, മുംബയ്), ഡോ. നളിൻ പന്ത് (പ്രൊഫസർ, ഐ.ഐ.ടി ഡൽഹി), അനിൽ മഴുവൻചേരിൽ (കൊച്ചിയിലെ സി.ഐ. ഗാർഡിയൻ ഇന്റർനാഷണൽ പർച്ചേസ് മേധാവിയും വൈക്കംമാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറി ജനറലും).

വർഗീയതയെ ഒറ്റക്കെട്ടായി ചെറുക്കണം: ഹസൻ

തിരുവനന്തപുരം: ഇന്ത്യയെ മതാധിഷ്ഠിത രാജ്യമാക്കിമാറ്റാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്നും അതിനെതിരെ മതേതര ശക്തികളും വ്യക്തികളും ഒറ്റക്കെട്ടായി മുന്നേറണമെന്നും കെ. പി. സി. സി പ്രസിഡന്റ് എം. എം. ഹസൻ പറഞ്ഞു.

ഫാസിസത്തിനെതിരെ കെ. പി. സി. സി സംഘടിപ്പിച്ച 'ഗൗരിക്കൊപ്പം കേരളം' മാദ്ധ്യമ സാംസ്കാരിക കൂട്ടായ്മയിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. എല്ലാ രംഗത്തും വിഷക്കാറ്റ് വീശുകയാണ്. സ്വാതന്ത്ര്യം നേടുമ്പോൾ ഇന്ത്യ മതേതര രാജ്യമായി മാറുമെന്ന സങ്കല്പമായിരുന്നു. എന്നാൽ ഇപ്പോൾ വർഗീയത എല്ലാമേഖലകളിലും നീരാളിക്കൈകൾ നീട്ടി നില്ക്കുന്നു. ജനാധിപത്യ വിശ്വാസികൾക്ക് ഇത് നിർവികാരമായിനോക്കിനിൽക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

ഓരോരുത്തരും ചെയ്യേണ്ടതു ചെയ്യണമെന്നും കലാകാരന്മാർ എന്നും ഇരകൾക്കൊപ്പമായിരിക്കുമെന്നും സൂര്യകൃഷ്ണമൂർത്തി പറഞ്ഞു. ഇന്ത്യയിൽ ഭയം ഇരുട്ടുപോലെ പരക്കുന്നതായി മാദ്ധ്യമ പ്രവർത്തകനായ സി. ഗൗരിദാസൻ നായർ പറഞ്ഞു. എം.ജി. രാധാകൃഷ്ണൻ, കെ. പി. മോഹനൻ, ഡോ. എം. ആർ. തമ്പാൻ, കാട്ടൂർ നാരായണപിള്ള, മുൻമന്ത്രി പന്തളം സുധാകരൻ, കെ. പി. സി. സി ജനറൽ സെക്രട്ടറി മൺവിള രാധാകൃഷ്ണൻ, ഡി. സി. സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ തുടങ്ങിയവർ പ്രസംഗിച്ചു. ടി. ശരത്ചന്ദ്രപ്രസാദ് സ്വാഗതം പറഞ്ഞു.

മുണ്ടൊന്നു മടക്കിക്കുത്തിത്താടെ, ഞാനൊന്ന് ഇടിക്കട്ട്, ഇന്നാ പിടിച്ചോ, തിരിച്ചിടിക്കല്ലേ... *സംസ്ഥാന ബോക്സിംഗ് ചാമ്പ്യൻഷിപ്പിന്റെ സുവർണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യാൻ കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ ബോക്സിംഗ് റിംഗിലെത്തിയ എം. മുകേഷ് എം. എൽ. എ ദേശീയ ബോക്സിംഗ് താരം കെ. സി. ലേഖയുമായി മുട്ടിനോക്കിയപ്പോൾ*

ഫോട്ടോ: ജ്യോതിരാജ് എൻ. എസ്

സോളാർ ഗ്രഹണരശ്മി പതിക്കേണ്ട... *ലോക കാഴ്ച ദിനത്തോടനുബന്ധിച്ച് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കോട്ടയം നഗരത്തിൽ നടത്തിയ റാലി ഉദ്ഘാടനം ചെയ്യാനെത്തിയ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ കണ്ണ് കെട്ടി നടക്കുന്നു*

ഫോട്ടോ: ശ്രീകുമാർ ആലപ്പുഴ

തോമസ് ചാണ്ടിയുടെ കായൽ കൈയേറ്റം: സർക്കാർ സത്യവാങ്മൂലം നൽകണം

■ നിലം നികത്തൽ തുടരരുതെന്ന് ഹൈക്കോടതി

ആർ. അഭിലാഷ്

കൊച്ചി : മാർത്താണ്ഡം കായൽ കൈയേറ്റവുമായി ബന്ധപ്പെട്ട് മന്ത്രി തോമസ് ചാണ്ടിക്കെതിരെ നടപടിവേണമെന്ന ഹർജിയിൽ ഹൈക്കോടതി സംസ്ഥാന സർക്കാരിനോടു പത്തു ദിവസത്തിനകം മറുപടി സത്യവാങ്മൂലം നൽകാൻ നിർദ്ദേശിച്ചു.

കായൽ ഭൂമി കൈയേറിയ മന്ത്രിക്കെതിരെ കേസ് എടുക്കണമെന്ന തടക്കമുള്ള ആവശ്യമുന്നയിച്ച് കൈനകരി ഗ്രാമ പഞ്ചായത്തംഗം ബി. കെ. വിനോദ് നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്. ഇന്നലെ ഹർജി കോടതിയുടെ പരിഗണനയ്ക്കു വന്നപ്പോൾ കായൽ നിലം നികത്തുന്നത് തടഞ്ഞ് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നെന്ന് സർക്കാർ വിശദീകരിച്ചു. ഇതു കണക്കിലെടുത്ത് നിലം നികത്തൽ തുടരരുതെന്ന് ഹൈക്കോടതി വാക്കാൽ നിർദ്ദേശം നൽകി.

മന്ത്രി തോമസ് ചാണ്ടി ഡയറക്ടറായ വാട്ടർ വേൾഡ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് കായൽ നിലം കൈയേറി നിയമ വിരുദ്ധമായി നികത്തുന്നതെന്ന് ഹർജിയിൽ ആരോപിച്ചിരുന്നു.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് ഈ ഭൂമി ഡേറ്റ ബാങ്കിൽ ഉൾപ്പെടുത്താൻ നിവേദനം നൽകിയിട്ടും മന്ത്രിയുടെ സ്വാധീനത്താൽ റവന്യൂ അധികൃതർ നടപടിയെടുത്തില്ലെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നു.

കേരള സർവകലാശാലയിൽ നിന്ന് മാനേജ്മെന്റ് സ്റ്റഡീസിൽ പിഎച്ച്. ഡി നേടിയ ഐ.എം.ജിയിലെ പരിശീലകനായ തോമസ് ജോർജ് കെ. തിരുവനന്തപുരം ഗൗരീശപട്ടത്ത് പരേതനായ കെ. ജെ. ജോർജ്ജ് കറുകയുടെയും സാറാമ്മ ജോർജിന്റെയും മകനാണ്. സംസ്ഥാന സർക്കാർ സർവീസിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരിക്കെ വി. ആർ. എസ്. എടുത്ത് അദ്ധ്യാപക വൃത്തിയിലേക്ക് തിരിയുകയായിരുന്നു. ബാംഗ്ലൂർ എക്സ്ഐ. എം. ഇയിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊച്ചുറാണി തോമസ് കൊണ്ടോടിയാണ് ഭാര്യ.

Vol. No. 107 Issue No. 279 R.No.3052/57 (R.No. KL/TV(N) 72/2015-17) Printed and Published by M.S. Ravi from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Editor : **Deepu Ravi.** (Responsible for selection of news under the PRB Act), Chief Editor : **M.S. Ravi**